# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1014 05.03.2020 -ൽ മറുപടിക്ക്

**പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ ഹൈവേ**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ : | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ; | (എ) | നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ 5 റീച്ചുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2 റീച്ചുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഡിപിആർ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചതും അതിൽ പ്രവൃത്തി തുടങ്ങിയതും, ഡിപിആർ തയ്യാറാക്കി വരുന്നതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ബാക്കിയുള്ള റീച്ചുകളുടെ ഡിപിആർ കിഫ്ബി ഡ്രോൺ സർവ്വേ നടത്തി അന്തിമ അലൈൻമെന്റ് തയ്യാറാക്കിയതിനു ശേഷം ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) | പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായി ഏതെല്ലാം പ്രദേശങ്ങളാണ് വരുന്നതെന്നും ഏതെല്ലാം പാലങ്ങളാണ് വരുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പാലക്കോട്, കാരന്താട്, കുന്നെരു, രാമന്തളി എന്നീ പ്രദേശങ്ങളും രണ്ടു തെങ്ങ്പാലം, ഓലക്കീൽപാലം എന്നീ പാലങ്ങളുമാണ് പയ്യന്നൂർ മണ്ഡലത്തിൽ വരുന്നത്. |
| (സി) | പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന റീച്ചിന്റെയും, പാലത്തിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | തീരദേശ ഹൈവേയുടെ പാലക്കോട് മുതൽ കുന്നെരു വരെയുള്ള 4.665 കി.മീ. റോഡിന്റെ ഡിപിആർ തയ്യാറാക്കി വരുന്നു. പ്രസ്തുത റീച്ചിന്റെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് |

| | | | |
|---|---|---|---|
| | | | വെയറിന്റെ സഹായത്തോടെ 90% പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റിൽ വൈദ്യുത തൂണുകളും വാട്ടർ അതോറിറ്റിയുടെ ലൈനുകളും മറ്റും മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ഉൾപ്പെടുത്തേണ്ടതുണ്ട്. അതിനായി സംയുക്ത പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവർക്ക് അപേക്ഷ നൽകിയിരുന്നു. വാട്ടർ അതോറിറ്റിയുടെ ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. കെഎസ്ഇബിയുടെ എസ്റ്റിമേറ്റ് കൂടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത റീച്ചിന്റെ എസ്റ്റിമേറ്റ് പൂർത്തിയാക്കി അനുമതിയ്ക്കായി ഡിപിആർ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ് മറ്റുള്ള ഭാഗങ്ങളിൽ കിഫ്ബി ഡ്രോൺ സർവ്വേ പ്രകാരം അന്തിമ അലൈൻമെന്റ് തയ്യാറാക്കുന്ന മുറയ്ക്ക് ഡിപിആർ തയ്യാറാക്കുന്നതാണ്. |
| (ഡി) | ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | സ്ഥലം ലഭ്യമായ ഇടങ്ങളിൽ ഡിപിആർ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഡിപിആർ തയ്യാറാക്കുന്നത് വേഗത്തിൽ ആക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| നം. | ജില്ല | പ്രവൃത്തി | നീളം (കി.മീ.) |
|---|---|---|---|
| **ആരംഭിച്ച പ്രവൃത്തികൾ** | | | |
| 1. | മലപ്പുറം | പടിഞ്ഞാറേക്കര ഉണ്ണിയാൽ ജംഗ്ഷൻ | 15.00 |
| **സാമ്പത്തികാംഗീകാരം ലഭിച്ച പ്രവൃത്തികൾ** | | | |
| 2. | മലപ്പുറം | താന്നൂർ മൊഹ് യുദ്ദീൻ പള്ളി - കെട്ടുങ്ങൽ | 3.85 |
| **ഡിപിആർ സമർപ്പിച്ച പ്രവൃത്തികൾ** | | | |
| 3. | കോഴിക്കോട് | ഫ്രാൻസിസ് റോഡ് ജംഗ്ഷൻ - പുതിയപ്പ | 8.60 |
| 4. | കോഴിക്കോട് | കൊളവിപ്പാലം - കൊടിക്കൽ ബീച്ച് | 7.50 |
| 5. | കോഴിക്കോട് | കുഞ്ഞാലിമരക്കാർ ബ്രിഡ്ജ് സാൻഡ് ബാങ്ക്സ് - കോട്ടക്കൽകടവ് | 0.54 |

## ഡി.പി.ആർ തയ്യാറാക്കി വരുന്ന പ്രവൃത്തികൾ

| ക്രമ നം. | സ്ട്രെച്ച് | നീളം | ജില്ല |
|---|---|---|---|
| 1. | കൊളവിപ്പാലം-കോട്ടക്കൽകടവ് | 3.80 കി.മീ. | കോഴിക്കോട് |
| 2. | മടത്തിൽപാടം-ബേപ്പൂർ പാലം | 1.60 കി.മീ. | |
| 3. | കോടിക്കൽ ബീച്ച് - മുത്തായം ബീച്ച് | 5.00 കി.മീ. | |
| 4. | മുതിയംപാലം | 0.30 കി.മീ. | മലപ്പുറം |
| 5. | ഉണ്ണിയാൽ ജംഗ്ഷൻ മുതൽ മൊയിതീൻ പള്ളി | 8.10 കി.മീ. | |
| 6. | പാലക്കോട് - കുന്നേത് റോഡ് | 4.65 കി.മീ. | കണ്ണൂർ |
| 7. | മുഴിപ്പിലങ്ങാട് - ഇടക്കാട് | 3.60 കി.മീ. | |

Hemalatha

സെക്ഷൻ ഓഫീസർ